ടി.കെ ഉബൈദ്

ഖുർആൻ ബോധനം

# 1111

# സൂറ – 37 / അസ്സ്വാഫ്ഫാത്ത്

## സൂക്തം: 161– 170

ധനികരുടെ ധാർഷ്ട്യത്തെയും ധൂർത്തിനെയും ലുബ്ധിനെയുമൊക്കെ കഠിനമായി വിമർശിക്കുന്ന ദരിദ്രന്മാർ. അവർ ധനികരാകുമ്പോൾ തങ്ങൾ വിമർശിച്ചിരുന്ന ധനികരേക്കാൾ ധിക്കാരികളോ ധൂർത്തരോ ലുബ്ധരോ ആയി മാറുന്നു. വാസ്തവത്തിൽ മുതലാളിമാരോടുള്ള അസൂയയുടെയും സ്വയം മുതലാളിയാവാനുള്ള ആഗ്രഹത്തിന്റെയും വേഷം മാറിയ പ്രകടനമാണ് പലരുടെയും മുതലാളിത്ത വിരോധം. അങ്ങനെയല്ലാത്തവരും ഇല്ലാതില്ല.

فَإِنَّكُمْ وَمَا تَعْبُدُونَ ﴿١٦١﴾
161. നിങ്ങളും നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നതുമുണ്ടല്ലോ,

مَآ أَنتُمْ عَلَيْهِ بِفَٰتِنِينَ ﴿١٦٢﴾
162. അതുകൊണ്ട് നിങ്ങൾക്ക് ആരെയും അല്ലാഹുവിൽനിന്ന് തെറ്റിക്കാനാവില്ല;

إِلَّا مَنْ هُوَ صَالِ ٱلْجَحِيمِ ﴿١٦٣﴾
163. നരകത്തിൽ കത്തിയെരിയേണ്ടവരെയല്ലാതെ.

**161–163**

فَإِنَّكُمْ = തീർച്ചയായും നിങ്ങൾ وَمَا تَعْبُدُونَ = നിങ്ങൾ ആരാധിച്ചുകൊണ്ടിരിക്കുന്നതും (ഉണ്ടല്ലോ)
مَا أَنتُمْ عَلَيْهِ = അതിന്മേൽ നിങ്ങൾ അല്ല (അതുകൊണ്ട് നിങ്ങൾക്കു കഴിയില്ല)
بِفَاتِنِينَ = കുഴപ്പത്തിലാകുന്നവർ (ആരെയും അല്ലാഹുവിൽനിന്ന് തെറ്റിക്കാൻ) إِلَّا مَنْ = യാതൊരുത്തനല്ലാതെ
هُوَ = അവൻ صَالِ الْجَحِيمِ = നരകത്തിൽ എരിയുന്നവൻ (കത്തിയെരിയേണ്ടവൻ)

അല്ലാഹുവിന്റെ പെൺമക്കളെന്ന് കരുതുന്ന മലക്കുകൾ, അവൻ കൽപിച്ചതുമാത്രം പ്രവർത്തിക്കുന്ന നിഷ്കളങ്ക സേവകരും അത്ര നിഷ്കളങ്കരല്ലാത്ത ജിന്നുകൾ നരകശിക്ഷക്ക് വിധേയരാകുന്നവരുമാണെന്നു സ്വയം സമ്മതിക്കുന്നവരാകയാൽ നിങ്ങൾ അവർക്കർപ്പിക്കുന്ന ആരാധനകൾ സദ്ബുദ്ധികളായ ആരെയും അല്ലാഹുവിൽനിന്ന് അകറ്റാൻ പര്യാപ്തമാവില്ല. فَإِنَّكُمْ وَمَا تَعْبُدُونَ-ന് നിങ്ങൾക്കും നിങ്ങളുടെ ആരാധ്യർക്കും എന്നും അർഥമാവാം. അതായത് നിങ്ങൾക്കോ നിങ്ങൾ പൂജിക്കുന്ന ദൈവങ്ങൾക്കോ ധർമബോധമുള്ള ആരെയും യഥാർഥ ദൈവമാർഗത്തിൽനിന്ന് പിന്തിരിപ്പിക്കാനാവില്ല. കർമദോഷങ്ങളാൽ നരകത്തിൽ കത്തിയെരിയാൻ വിധിക്കപ്പെട്ട ദുഷ്ടബുദ്ധികൾ മാത്രമേ ജിന്നുകളുടെയും മലക്കുകളുടെയും ശിപാർശയിൽ പ്രലോഭിതരായി സത്യദീനിൽനിന്നു പിന്തിരിഞ്ഞുപോകൂ. وَمَا تَعْبُدُونَ നിങ്ങൾ ആരാധിക്കുന്ന ആരാധ്യർ എന്ന് അർഥം കൽപിക്കുമ്പോൾ مَا أَنتُمْ عَلَيْهِ എന്നതിലെ ه എന്ന സർവനാമം സൂചിപ്പിക്കുന്നത് അല്ലാഹുവിനെയാണ്. അതായത് അല്ലാഹുവിനെക്കുറിച്ച് നിങ്ങൾക്ക് ആളുകളെ കുഴപ്പത്തിലാക്കാനാവില്ല. مَا تَعْبُدُونَ നിങ്ങൾ ചെയ്യുന്ന ആരാധനയാണെങ്കിൽ സർവനാമം സൂചിപ്പിക്കുന്നത് ആ ആരാധനയെത്തന്നെയാണ്. അതുകൊണ്ടൊന്നും സദ്ബുദ്ധികളെ വഴിപിഴപ്പിക്കാനാവില്ല. فتنة-ൽനിന്നുള്ള കർതൃവചനമാണ് فَاتِنِينَ. പരീക്ഷണം, പീഡനം, കുഴപ്പം, ആശയകാലുഷ്യം, പ്രലോഭനം, വശീകരണം, ആകർഷണീയത എന്നിങ്ങനെ പല അർഥങ്ങൾ വഹിക്കുന്നതാണ് فتنة. ഏഷണി പറയുന്നതിനും ഇല്ലാവചനം പറഞ്ഞു പരത്തുന്നതിനും فتن عليه എന്നു പറയും. അധികവും فِتْنَة ഉപയോ

ഗിക്കാറുള്ളത് ആദ്യത്തെ നാലർഥത്തിലാണ്. ഏതായാലും എല്ലാ അർഥങ്ങളും യോജിക്കുന്ന സന്ദർഭമാണിത്. ഈ ആരാധ്യരെ കൊണ്ടോ ആരാധനകൾ കൊണ്ടോ സദ്ബുദ്ധിയുള്ളവരെ കുഴപ്പത്തിലകപ്പെടുത്താൻ, അല്ലെങ്കിൽ പ്രലോഭിപ്പിച്ചു വശത്താക്കാൻ നിങ്ങൾക്ക് കഴിയില്ല എന്നു സാരം. നരകത്തിൽ കത്തിയെരിയേണ്ടവരായ നിർഭാഗ്യവാന്മാർ മാത്രമേ നിങ്ങളുടെ വലയിൽ വീഴൂ. إِلَّا مَنْ هُوَ صَالِ الْجَحِيمِ എന്ന വാക്യം സൂറ *അൽഹിജ്റി*ലെ 42,43 സൂക്തങ്ങളുടെ സംക്ഷിപ്തമാണ്.

إِنَّ عِبَادِي لَيْسَ لَكَ عَلَيْهِمْ سُلْطَانٌ إِلَّا مَنِ اتَّبَعَكَ مِنَ الْغَاوِينَ ﴿٤٢﴾ وَإِنَّ جَهَنَّمَ لَمَوْعِدُهُمْ أَجْمَعِينَ ﴿٤٣﴾

(എന്റെ ദാസന്മാരിൽ നിനക്കു സ്വാധീനമുണ്ടാകുന്നതല്ല. നിന്നെ പിന്തുടർന്ന അവിവേകികളെ മാത്രമേ നിനക്കു സ്വാധീനിക്കാവൂ. തീർച്ചയായും അവർക്കെല്ലാവർക്കും നിശ്ചയിച്ചിട്ടുള്ള സ്ഥാനം തന്നെയാകുന്നു നരകം). ●

---

وَمَا مِنَّآ إِلَّا لَهُۥ مَقَامٌ مَّعْلُومٌ ﴿١٦٤﴾

164. ഞങ്ങളിൽ ആർക്കും നിർണിത സ്ഥാനമില്ലാതെയില്ല.

وَإِنَّا لَنَحْنُ ٱلصَّآفُّونَ ﴿١٦٥﴾

165. ഞങ്ങൾ അണിനിരന്ന ആജ്ഞാനുവർത്തികൾ തന്നെയാകുന്നു.

وَإِنَّا لَنَحْنُ ٱلْمُسَبِّحُونَ ﴿١٦٦﴾

166. സദാ അല്ലാഹുവിന്റെ വിശുദ്ധിയെ വാഴ്ത്തിക്കൊണ്ടിരിക്കുന്നവരുമാകുന്നു.

**164-166**

وَمَا مِنَّا = ഞങ്ങളിൽ (ആർക്കും) ഇല്ല إِلَّا لَهُ = അവന് ഉണ്ടായിട്ടല്ലാതെ مَقَامٌ مَعْلُومٌ = നിർണിത സ്ഥാനം

وَإِنَّا لَنَحْنُ الصَّافُّونَ = ഞങ്ങൾ അണിനിരന്നവർ (അണിനിരന്ന ആജ്ഞാനുവർത്തികൾ) തന്നെയാകുന്നു

وَإِنَّا لَنَحْنُ الْمُسَبِّحُونَ = തീർച്ചയായും ഞങ്ങൾ (സദാ) തസ്ബീഹ് ചെയ്യുന്നവ (അല്ലാഹുവിന്റെ ശുദ്ധിയെ വാഴ്ത്തിക്കൊണ്ടിരിക്കുന്ന)വരുമാകുന്നു

മലക്കുകളെക്കുറിച്ച് മുകളിൽ പറഞ്ഞ വചനങ്ങൾ അല്ലാഹു നേരിട്ട് അരുളിയതാണ്. ഇനി സ്വന്തം അവസ്ഥയെക്കുറിച്ച് മലക്കുകൾ സ്വയം നൽകുന്ന സാക്ഷ്യം ഉദ്ധരിക്കുകയാണ്. ഒരു വിഭാഗത്തിന്റെ അവസ്ഥയെക്കുറിച്ച് അവർ തന്നെ പറയുന്നതാണല്ലോ ഏറ്റം ശക്തമായ തെളിവ്. മുഴുവൻ മലക്കുകളെയും പ്രതിനിധീകരിച്ച് ജിബ്രീൽ (അ) ആണ് ഈ പ്രസ്താവന നടത്തുന്നതെന്ന് ചില ഹദീസുകൾ സൂചിപ്പിക്കുന്നുണ്ട്: ഞങ്ങളോരോരുത്തർക്കും കൃത്യമായി നിശ്ചയിക്കപ്പെട്ട സ്ഥാനമുണ്ട് എന്ന വാക്യത്തിൽ സ്ഥാനത്തിനുപയോഗിച്ച മൂലപദം مَقَامٌ ആണ്. ഭാഷാർഥത്തിൽ ഒരാൾ നിൽക്കുന്ന സ്ഥലമാണ് مَقَامٌ. വാസസ്ഥലം, പ്രവർത്തന മണ്ഡലം, പദവി, ദൗത്യം തുടങ്ങിയ ആശയങ്ങളിലും പ്രയോഗിക്കും. വാനലോകത്ത് ഓരോ മലക്കിനും നിലകൊള്ളാനും സുജൂദ് ചെയ്യാനും പ്രത്യേക സ്ഥലം നിശ്ചയിച്ചു കൊടുത്തിട്ടുണ്ടെന്ന് ചില നിവേദനങ്ങൾ സൂചിപ്പിക്കുന്നു. ഈ സൂക്തം പരാമർശിക്കുന്ന مَقَامٌ ഓരോ മലക്കിനു നില കൊള്ളാനും തസ്ബീഹ് നിർവഹിക്കാനും നിശ്ചയിക്കപ്പെട്ട സ്ഥലം എന്നതിലുപരി അവരുടെ പ്രവർത്തന മണ്ഡലവും ചുമതലകളും കൂടി ഉൾപ്പെട്ടതായിരിക്കാനാണ് സാധ്യത. 'സ്ഥാനം' സ്ഥലമായാലും പദവിയായാലും ഉത്തരവാദിത്തമായാലും അത് കണിശമായി നിർണയിക്കപ്പെട്ടത് -معلوم- ആകുന്നു. തന്നിഷ്ടപ്രകാരം സ്ഥലവും ഉത്തരവാദിത്ത മേഖലയും തെരഞ്ഞെടുക്കാനോ നിശ്ചിത സ്ഥാനം വിട്ടുകടക്കാനോ ഞങ്ങൾക്ക് സ്വാതന്ത്ര്യമോ അധികാരമോ ഇല്ല. അല്ലാഹുവിന്റെ ആജ്ഞയും കാത്ത് ഉടനെ അതു നടപ്പിലാക്കാൻ സർവഥാ സന്നദ്ധരായി അണിനിരന്നു നിലകൊള്ളുന്നവരാണ് ഞങ്ങൾ. സദാ അല്ലാഹുവിന്റെ വിശുദ്ധിയെ വാഴ്ത്തി വാഴുന്നവരാകുന്നു. ഞങ്ങൾക്ക് ദിവ്യത്വത്തിലും ദൈവികാധികാരങ്ങളിലും യാതൊരു പങ്കുമില്ല. ജനത്തിന്റെ പ്രാർഥന കേൾക്കാനല്ല, അല്ലാഹുവിന്റെ ആജ്ഞ കേൾക്കാനാണ് ഞങ്ങൾ അണിനിരന്നു നിൽക്കുന്നത്. ജനത്താൽ പൂജിക്കപ്പെടേണ്ടവരല്ല; സദാ അല്ലാഹുവിനെ ആരാധിക്കേണ്ടവരാകുന്നു ഞങ്ങൾ. അങ്ങനെയുള്ള ഞങ്ങളെ ആരാധിക്കാൻ ഒരിക്കലും ആരോടും ആവശ്യപ്പെടുന്നില്ല. വല്ലവരും ആരാധിക്കുന്നുവെങ്കിൽ ഞങ്ങളതറിയുന്നില്ല. ആരാധിക്കുന്നവരുടെ കുറ്റകരമായ മൗഢ്യമാണത്.

إِنَّا لَنَحْنُ الصَّافُّونَ എന്ന വചനം അവതരിച്ചതിനെ തുടർന്നാണ് ഇമാമിന്റെ പിന്നിൽ നമസ്കരിക്കുന്നവർ അണിനിരന്നു നിൽക്കുന്ന സമ്പ്രദായം നബി(സ) ഏർപ്പെടുത്തിയതെന്ന് ചില നിവേദനങ്ങളിലുണ്ട്. അതിനു മുമ്പ് ഇമാമിനു പിന്നിൽ നമസ്കരിക്കുന്നവർ ചിന്നിച്ചിതറിയാണത്രെ നിന്നിരുന്നത്. സ്വഫ്ഫ് സമ്പ്രദായത്തിന്റെ ആരംഭകാരണം എന്തായാലും നമസ്കാരത്തിൽ അതിന് വലിയ പ്രാധാന്യമുണ്ട്. തോളോടുതോൾ ചേർന്നും പാദത്തോടു പാദം ചേർന്നും അണിനിരക്കാൻ നമസ്കാര വേളയിൽ നബി(സ) ഉപദേശിക്കുന്നതായി ഹദീസുകളിൽ കാണാം. ചില സന്ദർഭങ്ങളിൽ തിരുമേനി അമ്പിന്റെ കണ വെച്ച് സ്വഫ്ഫിന്റെ നിരപ്പ് പരിശോധിച്ച് വളവുതിരിവുകൾ തീർത്തിരുന്നതായും കാണാം. ഇബ്നു മസ്ഊദ് (റ) പ്രസ്താവിച്ചതായി ഇബ്നു അബീശൈബ ഉദ്ധരിക്കുന്നു:

كَانَ النَّبِيِّ صَلَّى اللهُ عليه وسلَّمَ يَمْسَحُ مَنَاكِبَنَا فِي الصَّلَاةِ ويقولُ اسْتَوُوا، ولَا تَخْتَلِفُوا، فَتَخْتَلِفَ قُلُوبُكُمْ

(നബി(സ) നമസ്കാരത്തിൽ ഞങ്ങളുടെ ചുമലുകൾ

തടവിനോക്കുമായിരുന്നു. അദ്ദേഹം പറയുകയും ചെയ്യും: 'നിരന്നു നിൽക്കുവിൻ, ചിതറി നിൽക്കരുത്, അപ്പോൾ നിങ്ങളുടെ ഹൃദയങ്ങളും ചിതറിപ്പോകും').

ഇവിടെ مُسَبِّحُونَ കൊണ്ടുദ്ദേശ്യം നമസ്കരിക്കുന്നവരാണെന്ന് ഇമാം ഖത്താദ അഭിപ്രായപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ إِنَّا لَنَحْنُ الصَّافُّونَ وَإِنَّا لَنَحْنُ الْمُسَبِّحُونَ എന്നീ വാക്യങ്ങളുടെ അർഥം ഞങ്ങൾ വാന്‍ലോകത്ത് അണിയണിയായി നിരന്നു നമസ്കരിക്കുന്നവരാകുന്നു എന്നാണ്. ●

---

وَإِن كَانُوا لَيَقُولُونَ ﴿١٦٧﴾

167. നേരത്തേ ഈ ജനം പറയാറുണ്ടായിരുന്നുവല്ലോ,

لَوْ أَنَّ عِندَنَا ذِكْرًا مِّنَ الْأَوَّلِينَ ﴿١٦٨﴾

168. പൂർവികരുടെ ഉദ്ബോധനം ഞങ്ങളുടെ കൈവശമാണുള്ളതെങ്കിൽ

لَكُنَّا عِبَادَ اللَّهِ الْمُخْلَصِينَ ﴿١٦٩﴾

169. തീർച്ചയായും ഞങ്ങൾ അല്ലാഹുവിന്റെ നിഷ്കളങ്ക ദാസന്മാരായിത്തീരുമായിരുന്നു.

فَكَفَرُوا بِهِ ۖ فَسَوْفَ يَعْلَمُونَ ﴿١٧٠﴾

170. പ്രവാചകൻ വന്നപ്പോഴോ അവരദ്ദേഹത്തെ നിഷേധിക്കുകയായി. ഈ നിഷേധത്തിന്റെ തിക്തഫലം വൈകാതെ അവർ അറിയുന്നുണ്ട്.

**167-170**

وَإِن كَانُوا لَيَقُولُونَ = നേരത്തേ തീർച്ചയായും അവർ പറയാറുണ്ടായിരുന്നു(വല്ലോ)

لَوْ أَنَّ عِندَنَا = ഞങ്ങളുടെ അടുക്കൽ ആകുന്നുവെങ്കിൽ (ഞങ്ങളുടെ കൈവശമാണുള്ളതെങ്കിൽ)

ذِكْرًا = വേദം, പാഠം, ഉദ്ബോധനം مِّنَ الْأَوَّلِينَ = പൂർവിക(രുടെ)രിൽനിന്നുള്ള لَكُنَّا = ഞങ്ങൾ ആയിത്തീരുമായിരുന്നു

عِبَادَ اللَّهِ الْمُخْلَصِينَ = അല്ലാഹുവിന്റെ നിഷ്കളങ്ക ദാസന്മാർ

فَكَفَرُوا بِهِ = അപ്പോൾ അവർ നിഷേധിച്ചു (പ്രവാചകൻ വന്നപ്പോഴോ, അവരദ്ദേഹത്തെ നിഷേധിക്കുകയായി)

فَسَوْفَ يَعْلَمُونَ = (ഈ നിഷേധത്തിന്റെ തിക്തഫലം) ശേഷം (വൈകാതെ) അവർ അറിയുന്നുണ്ട്

മലക്കുകളെയും ജിന്നുകളെയും ദൈവങ്ങളായി സങ്കൽപിക്കുകയും അവരുടെ പേരിൽ പലവക അനാചാരങ്ങളനുവർത്തിക്കുകയും ഇപ്പോൾ അന്ത്യപ്രവാചകനെയും ഖുർആനിനെയും തള്ളിപ്പറയുകയും ചെയ്യുന്ന അറബികളുടെ നിലപാടിന്റെ വൈരുധ്യത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുകയാണ്. തങ്ങൾക്ക് പ്രവാചകന്മാർ ആഗതരാവാത്തതും വേദഗ്രന്ഥമിറങ്ങാത്തതും നേരത്തേ ഒരു കുറവായി കണ്ടിരുന്നവരാണവർ. പ്രവാചകത്വ പാരമ്പര്യവും വേദവും വഹിക്കുന്ന ഇസ്രാഈല്യർക്കുമുമ്പിൽ അവർക്ക് അപകർഷതയുമുണ്ടായിരുന്നു. പ്രവാചകന്മാരും വേദവും വന്നത് തങ്ങളിലായിരുന്നുവെങ്കിൽ തങ്ങൾ വിശിഷ്ട ദൈവദാസന്മാരായിത്തീരുമെന്ന് അവകാശപ്പെടുകയും ചെയ്തിരുന്നു. എന്നല്ല, മറ്റേതു സമുദായത്തേക്കാളും ഉന്നതരും സംസ്കാര സമ്പന്നരുമാകുമായിത്തീരുമായിരുന്നു. ഈ അവകാശവാദം നേരത്തേ 6:157-ലും 35:42-ലും പരാമർശിച്ചിരിക്കുന്നു. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തങ്ങൾക്കു താഴെ കാണുക.

ഇവിടെ ذِكْر വേദമായും أَوَّلِين പൂർവപ്രവാചകന്മാരായും പൊതുവിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. 'പൂർവ പ്രവാചകന്മാരിലൂടെ വന്നുകിട്ടിയ വേദം ഞങ്ങളുടെ കൈവശം ഉണ്ടായിരുന്നുവെങ്കിൽ' എന്നാണവർ പറയുന്നത്. أَوَّلِين പൂർവ സമുദായങ്ങളും ذِكْر വേദപാഠവും ആകുന്നതിനും വിരോധമില്ല. പൂർവ സമുദായങ്ങളിൽനിന്ന് ഞങ്ങൾക്ക് വേദപാഠങ്ങൾ ലഭിച്ചിരുന്നെങ്കിൽ എന്നാകും അപ്പോൾ താൽപര്യം. രണ്ടും സാരാംശത്തിൽ ഒന്നു തന്നെയാണ്. അത് കൈവശമുണ്ടായിരുന്നുവെങ്കിൽ ഞങ്ങൾ നിഷ്കളങ്കരായ ദൈവദാസന്മാരാകുമായിരുന്നു -لَكُنَّا عِبَادَ اللَّهِ الْمُخْلَصِينَ- എന്നാണ് ഇവിടെ പറയുന്നത്. لَيَكُونُنَّ أَهْدَىٰ مِنْ إِحْدَى الْأُمَمِ - 'ഏതൊരു സമുദായത്തേക്കാളും ഏറെ സന്മാർഗം പ്രാപിച്ചവരാകുമായിരുന്നു' എന്നാണ് 35:42-ൽ പറയുന്നത്. ഇസ്രാഈല്യർ അവരുടെ ചില പ്രവാചകന്മാരെ തള്ളിപ്പറയുകയും ദ്രോഹിക്കുകയും ചെയ്തിരുന്നുവല്ലോ. തങ്ങളിലാണ് പ്രവാചകന്മാർ ആഗതരായിരുന്നതെങ്കിൽ ഒരു പ്രവാചകനെയും തങ്ങൾ തള്ളിപ്പറയുകയോ ദ്രോഹിക്കുകയോ ചെയ്യുമായിരുന്നില്ല; പ്രത്യുത ആദരവോടെ സ്വീകരിക്കുകയും അവരുടെ സന്മാർഗ ദർശനങ്ങളെ കണിശമായി പിൻപറ്റുകയും ചെയ്യുമായിരുന്നു എന്നാണതിന്റെ സൂചനയെന്ന് ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു.

പ്രവാചകൻ വന്നാൽ സാദരം സ്വീകരിക്കുകയും നിഷ്കളങ്കരായി പിൻപറ്റുകയും ചെയ്യുമെന്ന് ദൃഢപ്രതിജ്ഞയെടുത്തവരിൽ പ്രവാചകൻ ആഗതനായപ്പോഴോ, അവരിതാ നിസ്സങ്കോചം നിഷേധിക്കുകയും മറ്റു സമുദായങ്ങൾ അവരുടെ പ്രവാചകന്മാരെ ദ്രോഹിച്ചതുപോലെയോ അതിലേറെയോ ദ്രോഹിക്കുകയും ചെയ്യുന്നു. അവരുടെ പ്രതിജ്ഞാ ആത്മാർഥമായിരുന്നില്ല എന്നാണതിനർഥം. അവർ പ്രവാചകനെയും വേദത്തെയും ആഗ്രഹിച്ചത്, പ്രവാചക സമൂഹമെന്നും വൈദിക സമൂഹമെന്നും മേനി നടിക്കാനായിരുന്നു. അല്ലാതെ, സത്യം കണ്ടെത്താനും സന്മാർഗം പ്രാപിക്കാനുമായിരുന്നില്ല. അവർക്കാവശ്യം അവരുടെ അന്ധവിശ്വാസങ്ങളും അനാചാ

രങ്ങളും അതിലധിഷ്ഠിതമായ ഭൗതിക താൽപര്യങ്ങളും സംരക്ഷിക്കുന്ന പ്രവാചകനെയാണ്; അവരെ സംസ്കരിക്കുന്ന പ്രവാചകനെയല്ല. ധർമബോധം -تقوى- ഇല്ലാത്ത വ്യക്തികളുടെയും സംഘങ്ങളുടെയും പൊതുസ്വഭാവമാണിത്. ധനികരുടെ ധാർഷ്ട്യത്തെയും ധൂർത്തിനെയും ലുബ്ധിനെയുമൊക്കെ കഠിനമായി വിമർശിക്കുന്ന ദരിദ്രന്മാർ. അവർ ധനികരാകുമ്പോൾ തങ്ങൾ വിമർശിച്ചിരുന്ന ധനികരേക്കാൾ ധിക്കാരികളോ ധൂർത്തരോ ലുബ്ധരോ ആയി മാറുന്നു. വാസ്തവത്തിൽ മുതലാളിമാരോടുള്ള അസൂയയുടെയും സ്വയം മുതലാളിയാവാനുള്ള ആഗ്രഹത്തിന്റെയും വേഷം മാറിയ പ്രകടനമാണ് പലരുടെയും മുതലാളിത്ത വിരോധം. അങ്ങനെയല്ലാത്തവരും ഇല്ലാതില്ല. അത്തരക്കാർ ധനികരായാൽ ധിക്കാരികളോ ആർഭാടപ്രമത്തരോ ആകുന്നില്ല. സ്വന്തം കാര്യങ്ങളിൽ മിതവ്യയം അവലംബിക്കുകയും മിച്ചധനത്തിന്റെ നല്ലൊരു ഭാഗം സമൂഹക്ഷേമത്തിനും ധർമകാര്യങ്ങളിലും ചെലവഴിക്കുകയും ചെയ്യുന്നു. ഇതുപോലെ പ്രവാചകനുവേണ്ടി കാത്തിരുന്നവരിൽ അദ്ദേഹം ആഗതനായപ്പോൾ സ്വീകരിക്കാൻ തയാറായവർ വിരളമായിരുന്നു. നമ്മുടെ നാട്ടിലെ രാഷ്ട്രീയ പാർട്ടികളും മികച്ച ഉദാഹരണങ്ങളാണ്. ഒരുപക്ഷം ഭരിക്കുമ്പോൾ പ്രതിപക്ഷം അവരുടെ നയങ്ങളെയും നടപടികളെയും നിശിതമായി വിമർശിച്ചുകൊണ്ടിരിക്കും. തങ്ങൾ അധികാരമേറ്റാൽ അതെല്ലാം തിരുത്തി നാട്ടിൽ നീതിയും ക്ഷേമവും സാക്ഷാത്കരിക്കുമെന്ന പ്രതിജ്ഞ ചെയ്തുകൊണ്ടിരിക്കും. പക്ഷേ, അധികാരം കിട്ടിയാൽ മുൻഭരണത്തിന്റെ കൂടുതൽ മോശമായ ആവർത്തനമാണ് ജനം കാണുക.

പ്രവാചകാഗമനം ആവശ്യപ്പെടുകയും അദ്ദേഹം വന്നപ്പോൾ തള്ളിക്കളയുകയും ചെയ്തവർ ആ നടപടിയുടെ തിക്ത ഫലം ഏറെ വൈകാതെ അനുഭവിക്കാൻ പോകുന്നു എന്ന താക്കീതോടെയാണ് സൂക്തം അവസാനിക്കുന്നത്. ബദ്ർ മുതൽ മക്കാ വിമോചനം വരെയുള്ള സംഭവങ്ങളിലൂടെ ആ താക്കീത് ശരിക്കും പുലർന്നതായി ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. ●

**തിരുത്ത്**

*ഖുർആൻ ബോധനം* 1109 (വാരിക ലക്കം 3197, -9-4-2021, പേജ് 32)-ൽ സൂറ *അസ്സ്വാഫ്ഫാത്ത്* 147-ാം സൂക്തത്തിന്റെ തർജമയിൽ 'ആയിരവും അതിലധികവും' എന്ന് അച്ചടിച്ചത് 'നൂറായിരവും അതിലധികവും' എന്നും അതേ പേജിൽ مِائَةِ أَلْفٍ أَوْ يَزِيدُونَ -ന്റെ വാക്കർഥം 'ആയിരത്തിലേക്കും അധികമാകുന്നതിലേക്കും' (ആയിരവും അതിലധികവും വരുന്ന ആളുകളിലേക്ക്) എന്ന് അച്ചടിച്ചത് 'നൂറായിരത്തിലേക്കും അധികമാകുന്ന'തിലേക്കും (നൂറായിരവും അതിലധികവും വരുന്ന ആളുകളിലേക്ക്) എന്നും തിരുത്തി വായിക്കേണ്ടതാണ്. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.

*പത്രാധിപർ*